പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 92

# 2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2007

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 92

# 2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ

398/2007.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 92

# 2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ

കടബാദ്ധ്യതമൂലം ദുരിതത്തിലാണ്ട മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ആശ്വാസം നൽകുന്നതിനും അത്തരം മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും ന്യായനിർണ്ണയം നടത്തുന്നതിനും കടക്കാരായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിന് ഉചിതമായ നടപടികൾ ശുപാർശ ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികമായതുമായ സംഗതികൾക്കും വേണ്ടി ഒരു കമ്മീഷൻ രൂപവൽക്കരിക്കുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കടലിലും ഉൾനാടൻ ജലാശയങ്ങളിലും മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഏറിയ പങ്കും ഇന്ന് വലിയ കടബാദ്ധ്യതയിലകപ്പെട്ടിരിക്കുന്നതിനാലും ;

മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനായി വിവിധ ഏജൻസികളിൽ നിന്നും ബാങ്കുകളിൽ നിന്നും വ്യക്തികളിൽ നിന്നും മറ്റും വർദ്ധിച്ച തോതിൽ കടം വാങ്ങുകയും ഉല്പദനമാന്ദ്യവും വിലയിടിവും, തൊഴിൽരാഹിത്യവും മൂലം കടം വീട്ടാനാകാത്ത സ്ഥിതി വിശേഷം വർഷങ്ങളായി നിലനിൽക്കുകയും, കടബാദ്ധ്യത വർദ്ധിച്ചു വരികയും ചെയ്തിരിക്കുന്നതിനാലും :

അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ, കടലാക്രമണം, സുനാമി, കാലാവസ്ഥാ വ്യതിയാനങ്ങൾ എന്നിവമൂലം മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന തൊഴിൽ നഷ്ടം, മത്സ്യബന്ധനോപകരണങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ മുതലായവമൂലം കൂടുതൽ കടബാദ്ധ്യത ഉണ്ടാകുന്നതിനാലും ;

398/2007.

വർഷങ്ങളായി വാങ്ങിയ കടം പലിശസഹിതം തിരിച്ചടക്കാനാവാത്തവിധം വർദ്ധിച്ച് കടക്കെണിയിലകപ്പെട്ടിരിക്കുന്നതിനാലും ;

കടബാദ്ധ്യതമൂലം ദുരിതത്തിലാണ്ട മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ആശ്വാസം നൽകുന്നതിനും അത്തരം മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും ന്യായനിർണ്ണയം നടത്തുന്നതിനും കടക്കാരായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിന് ഉചിതമായ നടപടികൾ ശുപാർശ ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികമായതുമായ സംഗതികൾക്കും വേണ്ടി ഒരു കമ്മീഷൻ രൂപവൽക്കരിക്കുന്നത് യുക്തമായിരിക്കുന്നതിനാലും ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയെട്ടാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(i) 'കടത്തിന്റെ സമുചിത നിലവാരം' എന്നാൽ ഈ ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൻ കീഴിൽ കമ്മീഷൻ തീരുമാനിച്ച പ്രകാരം കടക്കാരൻ തിരിച്ചടക്കേണ്ടതായ കടത്തുക എന്നർത്ഥമാകുന്നു ;

(ii) 'കമ്മീഷൻ' എന്നാൽ 3-ാം വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ എന്നർത്ഥമാകുന്നു ;

(iii) 'സഹകരണ സംഘം' എന്നാൽ 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സംഘം എന്നർത്ഥമാകുന്നു ;

(iv) 'ഉത്തമർണ്ണൻ' എന്നതിൽ ഒരു ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളും അയാളുടെ അവകാശികളും നിയമാനുസൃത പ്രതിനിധികളും തീറുകാരും ഇടനിലക്കാരും സഹകരണ സംഘവും സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന മറ്റേതെങ്കിലും ആളും ഉൾപ്പെടുന്നതുമാകുന്നു ;

(v) 'കടം' എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭതീയതിയിലോ അതിനുമുമ്പോ ഒരു കരാറിൻകീഴിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ ഡിക്രിയുടെയോ അല്ലെങ്കിൽ ഉത്തരവിന്റെയോ കീഴിലോ അല്ലെങ്കിൽ മറ്റ് വിധത്തിലോ ജാമ്യമുള്ളതോ ജാമ്യമില്ലാത്തതോ ആയതും ഒരു മത്സ്യത്തൊഴിലാളിയിൽ നിന്നും പണമായി കിട്ടേണ്ടതായിട്ടുള്ള ഏതെങ്കിലും ബാദ്ധ്യതയോ എന്നർത്ഥമാകുന്നതും, അതിൽ,—

(എ) (i) ഒരു ഉത്തമർണ്ണ സ്ഥാപനത്തിനോ ;

(ii) ഒരു സഹകരണ സംഘത്തിനോ ; കൊടുക്കേണ്ടതായ ഏതൊരു തുകയും ;

(ബി) ഒരു കടക്കാരൻ ഒരു ഉത്തമർണ്ണനിൽ നിന്നും വാങ്ങിയ ഏതൊരു തുകയും ;

ഉൾപ്പെടുന്നതും എന്നാൽ മത്സ്യത്തൊഴിലാളി തന്റെ വരുമാന വർദ്ധനവിനായി മത്സ്യബന്ധന പ്രവർത്തനങ്ങൾക്കൊഴികെ വാണിജ്യാവശ്യങ്ങൾക്കോ, ആഢംബരത്തിനോ വേണ്ടി എടുത്തിട്ടുള്ള ഏതെങ്കിലും വായ്പാ തുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കോ മറ്റ് സംസ്ഥാന സർക്കാരുകൾക്കോ കേന്ദ്രഭരണ പ്രദേശങ്ങളിലെ സർക്കാരുകൾക്കോ നൽകേണ്ട തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കും സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന മറ്റ് സ്ഥാപനങ്ങൾക്കും കിട്ടേണ്ടതായ തുകയും ഉൾപ്പെടാത്തതും ആകുന്നു ;

(vi) 'ദുരിത ബാധിത പ്രദേശം' എന്നാൽ ഈ ആക്റ്റിന്റെ ആവശ്യത്തിനായി കമ്മീഷന്റെ ശുപാർശകളിന്മേൽ സർക്കാർ 6-ാം വകുപ്പു പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള സംസ്ഥാനത്തിന്റെ റവന്യൂ ജില്ലയോ/ജില്ലകളോ, അതിന്റെ ഭാഗങ്ങളോ എന്നർത്ഥമാകുന്നു ;

(vii) 'ജില്ല' എന്നാൽ ഒരു റവന്യൂ ജില്ല എന്നർത്ഥമാകുന്നു ;

(viii) 'ന്യായ പലിശ നിരക്ക്' എന്നാൽ ഈ ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൻ കീഴിൽ കമ്മീഷൻ തീരുമാനിച്ച പലിശ നിരക്ക് എന്നർത്ഥമാകുന്നു ;

(ix) 'മത്സ്യം' എന്നാൽ കടലിൽ നിന്നും ഉൾനാടൻ ജലാശയങ്ങളിൽ നിന്നും പിടിച്ചെടുക്കുന്ന വിവിധതരം ജൈവ അജൈവ ജലവിഭവങ്ങളും മത്സ്യകൃഷിയിടത്തിൽ വളർത്തുന്ന മത്സ്യം, ചെമ്മീൻ, കൊഞ്ച്, ചിപ്പി, കക്ക, ഞണ്ട് തുടങ്ങിയ ജലകൃഷി ഉൽപ്പന്നങ്ങളും സർക്കാർ വിജ്ഞാപനം മുഖേന നിശ്ചയിക്കുന്ന മറ്റേതെങ്കിലും ജൈവ അജൈവ ജലവിഭവങ്ങളും ഉൾപ്പെടുന്നതാകുന്നു.

(x) 'മത്സ്യബന്ധനം' എന്നാൽ,—

(a) പരമ്പരാഗതമോ, യന്ത്രവൽകൃതമോ ആയ എല്ലാ വിധത്തിലുമുള്ള മത്സ്യബന്ധനം ;

(b) സൈക്കിളിലോ തലച്ചുമടായോ വിവിധ സ്ഥലങ്ങളിലേക്ക് മത്സ്യത്തൊഴിലാളിയുടെ കുടുംബത്തിൽപ്പെട്ടവർ യാത്ര ചെയ്തുള്ള സമുദ്ര ജല മത്സ്യ ഉൽപ്പന്നങ്ങളുടെ/ശുദ്ധജല/ഓരുജല മത്സ്യ ഉൽപ്പന്നങ്ങളുടെ വിൽപ്പന ;

(xi) 'മത്സ്യത്തൊഴിലാളി' എന്നാൽ, മത്സ്യബന്ധനം പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളതും, വാർഷിക വരുമാനം രണ്ടുലക്ഷം രൂപയിൽ കവിയാത്തതുമായ ഒരാൾ എന്നർത്ഥമാകുന്നതും അതിൽ ഒരു മത്സ്യത്തൊഴിലാളിയുടെ വിധവയും ഉൾപ്പെടുന്നതുമാകുന്നു ;

(xii) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(xiii) 'പലിശ' എന്നാൽ കടം വാങ്ങിയ അസ്സൽ മുതലിനേക്കാളധികമായതും അല്ലെങ്കിൽ നേരിട്ട സാമ്പത്തിക ബാദ്ധ്യതയെക്കാൾ കൂടുതലായതും, അത്തരം സംഖ്യയെ എന്തുപേരിലറിയപ്പെട്ടിരുന്നാലും, ഏതെങ്കിലും പ്രമാണമോ കരാറോ ഉണ്ടെങ്കിൽ അത് പ്രകടമായി പറഞ്ഞിരിക്കുകയാണെങ്കിലും അല്ലെങ്കിലും, നൽകേണ്ടതായ ഏതെങ്കിലും തുക എന്നർത്ഥമാകുന്നു ;

(xiv) 'ഉത്തമർണ്ണ സ്ഥാപനം' എന്നാൽ ഭാരതീയ സ്റ്റേറ്റ് ബാങ്കോ അല്ലെങ്കിൽ 1959-ലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (സബ്സിഡിയറി ബാങ്ക്) ആക്റ്റ് 2-ാം വകുപ്പ് (കെ) ഖണ്ഡത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഏതെങ്കിലും സബ്സിഡിയറി ബാങ്കോ അല്ലെങ്കിൽ ഏതെങ്കിലും ദേശസാൽകൃതമോ അല്ലെങ്കിൽ ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കോ സഹകരണ ബാങ്കോ എന്നർത്ഥമാകുന്നു ;

(xv) 'അംഗം' എന്നാൽ കമ്മീഷനിലെ ഒരു അംഗം എന്നർത്ഥമാകുന്നുതും അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു ;

(xvi) 'പിഴപ്പലിശ' എന്നാൽ ഒരു കടത്തിന്മേൽ പലിശയേക്കാൾ കൂടുതലായി കൊടുക്കേണ്ടതായ ഏതെങ്കിലും തുക എന്നർത്ഥമാകുന്നു ;

(xvii) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(xviii) 'അസ്സൽ മുതൽ' എന്നാൽ ഏതെങ്കിലും പലിശ മൂലധനമായി കണക്കാക്കുന്നതിന് ഏതെങ്കിലും വ്യവസ്ഥ ഉണ്ടായിരുന്നാൽ തന്നെയും, അതേ മത്സ്യത്തൊഴിലാളിയോ അയാളുടെ അവകാശികളോ തീറുകാരോ നിയമാനുസൃത പ്രതിനിധികളാലോ അല്ലെങ്കിൽ അയാൾക്കുവേണ്ടിയോ അയാളുടെ താൽപ്പര്യാർത്ഥമോ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും ആളോ കടം അതേ ഉത്തമർണ്ണന്റേയോ അയാളുടെ അവകാശികളുടെയോ തീറുകാരുടെയോ നിയമാനുസൃത പ്രതിനിധികളുടെയോ അല്ലേങ്കിൽ അയാൾക്കു വേണ്ടിയോ അയാളുടെ താൽപ്പര്യാർത്ഥമോ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും ആളുടെയോ പേരിൽ പുതുക്കിയിട്ടുണ്ടെങ്കിൽ തന്നെയും, തുടക്കത്തിൽ നല്കിയ തുകയും പിന്നീട് നല്കിയ തുകയും ഏതെങ്കിലും ഉണ്ടെങ്കിൽ അതും ചേർന്ന തുക എന്നർത്ഥമാകുന്നു ;

(xix) 'സെക്രട്ടറി' എന്നാൽ 3-ാം വകുപ്പ് (5)-ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട കമ്മീഷന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു ;

3. കമ്മീഷന്റെ രൂപീകരണം.—(1) സർക്കാർ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന ശേഷം കഴിയുന്നത്ര വേഗത്തിൽ ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും വേണ്ടി "കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ" എന്ന പേരിൽ ഒരു കമ്മീഷൻ രൂപവൽക്കരിക്കേണ്ടതാണ്.

(2) കമ്മീഷൻ നാല് അംഗങ്ങൾ ഉൾപ്പെടുന്നതായിരിക്കേണ്ടതാണ്, അതായത് :—

(i) റിട്ടയർ ചെയ്ത ജില്ലാ ജഡ്ജി : ചെയർമാൻ

(ii) ഒരു ഫിഷറീസ്, സാമൂഹിക, സാങ്കേതിക സാമ്പത്തിക ഭരണവിദഗ്ദ്ധൻ : അംഗം :

(iii) ഒരു മത്സ്യത്തൊഴിലാളി പ്രതിനിധി : അംഗം :

(iv) (3)-ാം ഉപവകുപ്പ് പ്രകാരം സഹകരണ മേഖലയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരു വ്യക്തി : ബന്ധപ്പെട്ട ജില്ലയ്ക്ക് വേണ്ടിയുള്ള അംഗം.

(3) എല്ലാ ജില്ലകളിൽ നിന്നും (2)-ാം ഉപവകുപ്പിലെ ഇനം (iv)-ന്റെ ആവശ്യത്തിലേക്കായി, ആ ജില്ലയിലെ മത്സ്യത്തൊഴിലാളി സേവന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളിൽ നിന്നും സർക്കാർ ഒരു അംഗത്തെ നാമനിർദ്ദേശം ചെയ്യേണ്ടതും അയാൾ അയാളുടെ ജില്ലയുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് മാത്രം കമ്മീഷനിലെ ഒരു അംഗമായി അധികാരങ്ങൾ വിനിയോഗിക്കേണ്ടതും കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

(4) ചെയർപേഴ്സണേയും അംഗങ്ങളേയും സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(5) സർക്കാരിന്, നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള രീതിയിൽ കമ്മീഷനെ സഹായിക്കുന്നതിന് ഒരു സെക്രട്ടറിയെയും ആവശ്യമായേക്കാവുന്ന മറ്റു ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(6) (5)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സെക്രട്ടറിയും മറ്റു ജീവനക്കാരും അവരുടെ കർത്തവ്യനിർവ്വഹണത്തിൽ ചെയർമാന്റെ ഭരണനിയന്ത്രണത്തിന് വിധേയമായിരിക്കുന്നതാണ്.

4. <u>കമ്മീഷന്റെ കാലാവധിയും അംഗങ്ങളുടെ സേവന വ്യവസ്ഥകളും.</u>—(1) കമ്മീഷന്റെ കാലാവധി മൂന്നു വർഷം ആയിരിക്കുന്നതാണ് :

എന്നാൽ, സർക്കാരിന് ആവശ്യമെന്നുതോന്നുന്ന പക്ഷം കാലാവധി അപ്രകാരമുള്ള കാലയളവിലേക്ക് നീട്ടി നൽകാവുന്നതാണ്.

(2) ഒരു അംഗത്തിന് ഏതു സമയത്തും, സ്വന്തം കൈപ്പടയിൽ സർക്കാരിലേക്ക് എഴുതി അറിയിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(3) കമ്മീഷനിലെ ഏതെങ്കിലും അംഗം (2)-ാം ഉപവകുപ്പുപ്രകാരം രാജിവച്ച കാരണത്താലോ മറ്റ് വിധത്തിലോ ഉണ്ടാകുന്ന ഒരു ഒഴിവ് ഈ ആക്റ്റിലെ (3)-ാം വകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് നികത്തേണ്ടതാണ് :

എന്നാൽ അങ്ങനെ നിയമിക്കപ്പെടുന്ന ഒരു വ്യക്തി ആരുടെ സ്ഥാനത്തേക്കാണോ നിയമിക്കപ്പെട്ടത് ആ വ്യക്തിയുടെ അവശേഷിക്കുന്ന കാലയളവ് വരെ മാത്രം ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

(4) സർക്കാരിന്, ഏതെങ്കിലും അംഗത്തെ, അദ്ദേഹം,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ ;

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം ജോലിയിൽ തുടരുന്നതിന് അയോഗ്യനായി തീരുകയോ ;

(സി) സ്ഥിരബുദ്ധി ഇല്ലാതായി തീരുകയും അധികാരിതയുള്ള ഒരു കോടതിയാൽ അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ ;

(ഡി) അസാന്മാർഗ്ഗിക പ്രവർത്തനം ഉൾപ്പെടുന്നതായി സർക്കാർ കരുതുന്ന ഒരു കുറ്റത്തിനോ സാമ്പത്തിക ക്രമക്കേടുകൾക്കോ ശിക്ഷിക്കപ്പെടുകയോ ;

(ഇ) തത്സ്ഥാനത്ത് തുടരുന്നത് പൊതുതാല്പര്യത്തിന് ഹാനികരമാക ത്തക്കവിധം തന്റെ ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തിയതായി സർക്കാരിന് ബോദ്ധ്യമാകുകയോ ;

ചെയ്യുന്നപക്ഷം നീക്കം ചെയ്യാവുന്നതാണ്.

(5) കമ്മീഷൻ, കാര്യനിർവ്വഹണത്തിനായി അതിന്റേതായ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തേണ്ടതാണ്.

(6) ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റ് സേവനവ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

5. കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും.—(1) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ അപ്രകാരമുള്ള എല്ലാ അധികാരങ്ങളും കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്, പ്രത്യേകിച്ചും,—

(എ) കമ്മീഷന്, അപേക്ഷയിന്മേലോ അല്ലാതെയോ, അതിന് യുക്തമെന്ന് കരുതുന്ന അത്തരം അന്വേഷണത്തിനുശേഷവും സർക്കാർ ഇതിലേക്കായി നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള പൊതു മാനദണ്ഡങ്ങൾക്ക് വിധേയമായും ഏതെങ്കിലും ജില്ലയേയോ ജില്ലകളേയോ അതിന്റെ ഏതെങ്കിലും ഭാഗത്തേയോ, ദുരിതബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും ;

(ബി) ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള ഉത്തമർണ്ണന്മാരുടെ സംഗതിയിൽ ദുരിതബാധിത പ്രദേശത്തെ കടക്കാരനായ മത്സ്യത്തൊഴിലാളി ന്യായയുക്തമായി നൽകേണ്ടതെന്ന് കമ്മീഷൻ കരുതുന്ന പ്രകാരമുള്ള ന്യായ പലിശ നിരക്കും, കടത്തിന്റെ സമുചിത നിലവാരവും നിശ്ചയിക്കുന്നതിനും ;

(സി) (ബി) ഖണ്ഡം പ്രകാരം നിശ്ചയിച്ച ന്യായ പലിശനിരക്കിന്റെയും കടത്തിന്റെ സമുചിത നിലവാരത്തിന്റെയും അടിസ്ഥാനത്തിൽ, ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള ഉത്തമർണ്ണന്മാരും കടക്കാരായ മത്സ്യത്തൊഴിലാളികളും തമ്മിലുള്ള തർക്കങ്ങൾ ഒത്തുതീർപ്പാക്കുന്നതിനുവേണ്ടിയുള്ള അനുരഞ്ജനം ഏറ്റെടുക്കുന്നതിനും ;

(ഡി) ദുരിതബാധിത പ്രദേശത്തെ കടക്കാരായ മത്സ്യത്തൊഴിലാളികളും ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള ഉത്തമർണ്ണന്മാരും തമ്മിലുള്ള തർക്കങ്ങൾ ന്യായനിർണ്ണയം നടത്തി, ഇരു കക്ഷികൾക്കും ബാധകമാകുന്ന അവാർഡുകൾ പാസ്സാക്കുന്നതിനും :

എന്നാൽ, ഈ ഖണ്ഡപ്രകാരം ഒരു അവാർഡ് പാസ്സാക്കുന്നതിന് മുമ്പ്, ഉത്തമർണ്ണന്, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകേണ്ടതാണ് ;

(ഇ) ദുരിത ബാധിത പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ വായ്പ എഴുതി തള്ളുന്നതിനും പലിശനിരക്ക് ഇളവു ചെയ്യുന്നതിനും വായ്പ പുനഃക്രമീകരിക്കുന്നതിനും വായ്പാ മൊറട്ടോറിയം ഏർപ്പെടുത്തുന്നതിനുമായി ഉത്തമർണ്ണന്മാരുമായി കൂടിയാലോചനകളിൽ ഏർപ്പെടുന്നതിനും ;

(എഫ്) മത്സ്യത്തൊഴിലാളികൾക്ക് നൽകേണ്ടതായ കടാശ്വാസത്തിന്റെ വ്യാപ്തിയും രീതിയും സംബന്ധിച്ച് സർക്കാരിനോട് ശുപാർശ ചെയ്യുന്നതിന് ;

(ജി) കടം പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കുന്നതിനും കടത്തിന്റെ അനന്തരഫലങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികളെ വിമുക്തരാക്കുന്നതിനും വേണ്ടി സർക്കാരിനോടോ സർക്കാർ ഏജൻസികളോടോ ശുപാർശ ചെയ്യുന്നതിനും ;

(എച്ച്) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അത്തരം ഏജൻസികളിലൂടെ മത്സ്യത്തൊഴിലാളികളുടെ ഭാവി കടാശ്വാസങ്ങൾ നിറവേറ്റപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ പ്രവർത്തികൾ ചെയ്യുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും ;

(ഐ) പൊതുവെ മത്സ്യത്തൊഴിലാളികളുടെ കടവുമായി ബന്ധപ്പെട്ട ഏത് കാര്യത്തെക്കുറിച്ചുമുള്ള ആനുകാലിക റിപ്പോർട്ടുകൾ സർക്കാരിന് നൽകുന്നതിനും ; കൂടാതെ

(ജെ) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും അത്തരം മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യുന്നതിനും.

(2) ദുരിത ബാധിത പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ എല്ലാ കടങ്ങളും ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള ഉത്തമർണ്ണന്മാർക്ക് തിരിച്ചടയ്ക്കുന്നത്, മത്സ്യലഭ്യതയിലെ കുറവ്, വിലയിടിവ്, പ്രകൃതിക്ഷോഭംമൂലമുള്ള നഷ്ടം മുതലായവ പരിഗണിച്ചുകൊണ്ട്, ആറുമാസത്തിനും ഒരു വർഷത്തിനുമിടയിലുള്ള സമയ പരിധിയിൽ കവിയാത്തതുമായ കാലയളവിലേക്ക് നിർത്തിവച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് :

എന്നാൽ, ഉത്തരവ് പുറപ്പെടുവിക്കുന്നത് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കമ്മീഷന്റെ അവാർഡുകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായിരിക്കേണ്ടതാണ്.

(3) ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, മുതൽ, പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കപ്പെടുന്നതുവഴി ഒരു മത്സ്യത്തൊഴിലാളിക്ക് നൽകുന്ന ഏതെങ്കിലും കടാശ്വാസം ഒത്തുതീർപ്പിലെത്തിച്ചേർന്ന കടത്തുക അമ്പതിനായിരം രൂപയോ അതിൽ കുറവോ ആയിരിക്കുന്ന സംഗതിയിൽ എഴുപത്തി അഞ്ചു ശതമാനത്തിലോ, അമ്പതിനായിരം രൂപയിൽ കൂടുതലായിരിക്കുന്ന സംഗതിയിൽ അമ്പതു ശതമാനത്തിൽ അധികരിക്കാത്ത തുകയോ അല്ലെങ്കിൽ ഒരു ലക്ഷം രൂപയോ ഏതാണോ കുറവ് അത് ആയിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരം കമ്മീഷൻ പാസ്സാക്കിയ ഒരു അവാർഡ് അന്തിമവും യാതൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാണ്.

(5) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരമുള്ള കമ്മീഷന്റെ അവാർഡുകൾ ഒരു സിവിൽ കോടതിയുടെ ഡിക്രി എന്നപോലെ 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം നടത്തിയെടുക്കാവുന്നതാണ്.

(6) കമ്മീഷന് ഈ ആക്റ്റിലോ അതിൻ കീഴിലോ ഉള്ള അധികാരങ്ങൾ വിനിയോഗിക്കുന്ന ആവശ്യത്തിലേക്ക് 1908-ലെ സിവിൽ നടപടി നിയമ സംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്)-ൻ കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ഏതെങ്കിലും സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കൽ ഉറപ്പുവരുത്തുന്നതിനും സത്യപ്രസ്താവനയിന്മേൽ വിസ്തരിക്കുന്നതിനും ;

(ബി) ഏതെങ്കിലും രേഖ കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും ;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനും അല്ലെങ്കിൽ സ്ഥലപരിശോധന നടത്തുന്നതിനും വേണ്ടി കമ്മീഷനുകളെ അയയ്ക്കുന്നതിനും ;

(ഇ) തീരുമാനമെടുക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും വസ്തുവോ സാധനമോ പരിശോധിക്കുന്നതിനും ;

(എഫ്) ഏതെങ്കിലും കോടതിയിൽ നിന്നോ അധികാരസ്ഥാനത്ത് നിന്നോ ഓഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും ;

(ജി) നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള മറ്റേതെങ്കിലും കാര്യത്തിനും.

6. ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിക്കൽ.—5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരമുള്ള ഒരു ശുപാർശ സർക്കാരിൽ ലഭിച്ചാൽ കഴിയുന്നത്ര വേഗം സർക്കാർ ബന്ധപ്പെട്ട ജില്ലയേയോ ജില്ലകളേയോ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളേയോ അതിന്റെ ഏതെങ്കിലും ഭാഗത്തെയോ ദുരന്തബാധിത പ്രദേശമായി പ്രഖ്യപിക്കേണ്ടതാണ്.

7. കടാശ്വാസത്തിനുള്ള അപേക്ഷ.—ഈ ആക്റ്റിൻ കീഴിൽ ഏതെങ്കിലും കടാശ്വാസം അവകാശപ്പെടുന്ന മത്സ്യത്തൊഴിലാളി നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും ഫോറത്തിലും കമ്മീഷൻ മുമ്പാകെ ഒരു അപേക്ഷ സമർപ്പിക്കേണ്ടതാണ്.

8. കമ്മീഷന്റെ സിറ്റിംഗുകൾ—(1) കമ്മീഷൻ, അത് നിശ്ചയിച്ചേക്കാവുന്ന പ്രകാരം അങ്ങനെയുള്ള സ്ഥലങ്ങളിലും സമയങ്ങളിലും അതിന്റെ സിറ്റിംഗുകൾ നടത്തേണ്ടതാണ്.

എന്നാൽ കമ്മീഷൻ, അതിന്റെ സിറ്റിംഗുകൾ, ദുരിതബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള ബന്ധപ്പെട്ട ജില്ലയിലോ ജില്ലകളിലോ വച്ച് ദുരിതബാധിത പ്രദേശങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഗണിക്കുന്നതിനുവേണ്ടി കൂടേണ്ടതാണ്.

(2) കമ്മീഷൻ ഏതെങ്കിലും ജില്ലയിൽ വച്ച് സിറ്റിംഗുകൾ നടത്തുമ്പോൾ അതിന്റെ നടപടിക്രമങ്ങളിൽ സംബന്ധിക്കുന്നതിനായി താഴെ പറയുന്നവരെ നിരീക്ഷകരായി ക്ഷണിക്കേണ്ടതാണ്, അതായത് :—

(എ) ജില്ലയിലെ നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന ലോക്സഭാ അംഗങ്ങൾ ;

(ബി) ജില്ലയിലെ നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭാ അംഗങ്ങൾ ;

(സി) ബന്ധപ്പെട്ട ജില്ലാ കളക്ടർ ;

(ഡി) ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ; കൂടാതെ

(ഇ) ബന്ധപ്പെട്ട ജില്ലയിലെ മുനിസിപ്പാലിറ്റികളിലെ ചെയർപേഴ്സൺമാരും പഞ്ചായത്തുകളിലെ പ്രസിഡന്റുമാരും.

(3) കമ്മീഷന്റെ സിറ്റിംഗിനുള്ള ക്വാറം രണ്ട് ആയിരിക്കുന്നതാണ്.

(4) കമ്മീഷന് ഉചിതമെന്ന് തോന്നുന്ന സംഗതിയിൽ രണ്ടോ അതിലധികമോ അംഗങ്ങൾ ഉൾപ്പെടുന്ന ബഞ്ച് രൂപീകരിച്ചുകൊണ്ട് ജില്ലകളിൽ സിറ്റിംഗ് നടത്താവുന്നതാണ്.

എന്നാൽ, അങ്ങനെ രൂപീകരിക്കപ്പെടുന്ന ബഞ്ചിൽ കമ്മീഷൻ അംഗമായ മത്സ്യത്തൊഴിലാളി പ്രതിനിധി ഉണ്ടായിരിക്കേണ്ടതാണ്.

എന്നുമാത്രമല്ല, കമ്മീഷൻ ബഞ്ച് രൂപികരിക്കുന്ന സംഗതിയിൽ ആ ബഞ്ചിന്റെ ക്വാറം ആ ബഞ്ചിലെ എല്ലാ അംഗങ്ങളുടെയും എണ്ണമോ രണ്ടോ അതിലേതാണ് കുറവ് അതായിരിക്കുന്നതാണ്.

9. പ്രവർത്തന മേഖല.—സംസ്ഥാനത്തെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളായി തിരിച്ച് മേഖലാടിസ്ഥാനത്തിൽ കമ്മീഷന് പ്രവർത്തനം നടത്താവുന്നതാണ്.

10. ദുരിതബാധിത പ്രദേശത്തെ ഒരു മത്സ്യത്തൊഴിലാളി എടുത്ത ചില വായ്പകളുടെ ഒത്തുതീർപ്പിനെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—(1) ഈ ആക്റ്റിലോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമത്തിലോ കരാറിലോ ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും കമ്മീഷൻ അധികാരപ്പെടുത്തിയിട്ടുള്ള ഒരു അംഗത്തിന് പരസ്പരധാരണയ്ക്കുള്ള കൂടിയാലോചനകൾ,—

(എ) വാണിജ്യ ബാങ്കുകളിൽ നിന്നോ അല്ലെങ്കിൽ മറ്റ് ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നോ ദുരിതബാധിത പ്രദേശത്തെ മത്സ്യത്തൊഴിലാളി വാങ്ങിയ

ഹ്രസ്വകാല വായ്പകളെ മദ്ധ്യകാല വായ്പകളായോ മദ്ധ്യകാല വായ്പകളെ ദീർഘകാലവായ്പകളായോ പുനക്രമീകരിക്കുന്നതിനും; അല്ലെങ്കിൽ

(ബി) ഭാരതീയ റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഉത്പാദനക്ഷമാതയില്ലാത്ത ആസ്തിവിഭാഗത്തിൻ കീഴിൽ വരുന്ന വായ്പകൾ ഒറ്റത്തവണയായി തീർപ്പാക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനും ; അല്ലെങ്കിൽ

(സി) ഭാരതീയ റിസർവ്വ് ബാങ്കിന്റെയും ദേശീയ കാർഷിക ഗ്രാമീണ വികസന ബാങ്കിന്റെയും യോജിച്ചുള്ള അഭിപ്രായപ്രകാരം ഭാരതീയ റിസർവ്വ് ബാങ്ക് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് പിഴപ്പലിശ ഒഴിവാക്കുന്നതിനും ; ആരംഭിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം വായ്പയുടെ ഏതെങ്കിലും തീർപ്പാക്കൽ ഉണ്ടാകുന്നിടത്ത്, ബന്ധപ്പെട്ട ബാങ്ക് അനുവദിച്ചിട്ടുള്ള കാലയളവിനുള്ളിൽ അപ്രകാരമുള്ള വായ്പ പലിശയോടുകൂടി ആ ബാങ്കിന് തിരികെ നൽകുന്നതിന് പ്രസ്തുത മത്സ്യത്തൊഴിലാളി ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

11. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഒരു മത്സ്യത്തൊഴിലാളി എടുത്ത വായ്പകളുടെ പുനക്രമീകരണം.—(1) ഈ ആക്റ്റിലോ മറ്റേതെങ്കിലും നിയമത്തിലോ കരാറിലോ ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും 6-ാം വകുപ്പ് പ്രകാരം ദുരിതബാധിതപ്രദേശമായി പ്രഖ്യാപിക്കപ്പെടുന്ന തീയതിയിലോ അതിനു മുൻപോ അടച്ചുതീർക്കേണ്ടതായ, സർക്കാരിന്റെ അധീനതയിലോ പൂർണ്ണ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ നിന്നും ദുരിത ബാധിത പ്രദേശത്തെ മത്സ്യത്തൊഴിലാളി എടുത്തിട്ടുള്ള വായ്പകളുടെ ഈടാക്കൽ കമ്മീഷന് പുനക്രമീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം വായ്പകളുടെ പുനക്രമീകരണം നടത്തിയിട്ടുള്ളിടത്ത് കമ്മീഷൻ അനുവദിച്ചിട്ടുള്ള കാലയളവിനുള്ളിൽ അപ്രകാരമുള്ള വായപ് പലിശയോടുകൂടി ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിന് തിരികെ കൊടുക്കാൻ മത്സ്യത്തൊഴിലാളി ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

എന്നാൽ, രേഖപ്പെടുത്തുന്ന കാരണങ്ങളാൽ കമ്മീഷന് മത്സ്യത്തൊഴിലാളിയുടെ അപേക്ഷയിന്മേൽ അപ്രകാരം പുനക്രമീകരിച്ച കാലത്തെ തിരിച്ചടവ്, ഉത്തരവ് മുഖേന ഒഴിവാക്കാവുന്നതാണ്.

എന്നുമാത്രമല്ല, കമ്മീഷൻ അപ്രകാരം നിശ്ചയിക്കുന്ന അങ്ങനെയുള്ള പിൽക്കാല തീയതികളിൽ മത്സ്യത്തൊഴിലാളി ആയത് തിരിച്ചടയ്ക്കുന്നതിന് ബാദ്ധ്യസ്ഥനാ യിരിക്കുന്നതാണ്.

12. വ്യവഹാരങ്ങൾക്കും അപേക്ഷകൾക്കും ക്രിമിനൽ നടപടികൾക്കും മറ്റ് നടപടികൾക്കും ഉള്ള വിലക്ക്.—ഒരു ദുരിതബാധിത പ്രദേശത്ത് താമസിക്കുന്ന ഒരു മത്സ്യത്തൊഴിലാളിക്കെതിരായി കടം ഈടാക്കുന്നതിനുള്ള യാതൊരു വ്യവഹാരവും

ആരംഭിക്കുകയോ അല്ലെങ്കിൽ ഒരു കടം സംബന്ധിച്ച ഡിക്രിയിന്മേൽ വിധി നടത്തുന്നതിനുള്ള യാതൊരു അപേക്ഷയും ബോധിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതും, അത്തരം ഏതെങ്കിലും വ്യവഹാരത്തിന്മേലോ അല്ലെങ്കിൽ അപേക്ഷയിന്മേലോ ഉള്ള ഏതെങ്കിലും ഡിക്രിക്കോ ഉത്തരവിനോ എതിരായി അപ്പീലോ, റിവിഷൻ ഹർജിയോ അല്ലെങ്കിൽ റിവ്യൂ അപേക്ഷയോ ഒരു മത്സ്യത്തൊഴി ലാളിക്കെതിരായി ഏതെങ്കിലും സിവിൽ കോടതിയിലോ അല്ലെങ്കിൽ ട്രൈബ്യൂണലിലോ അല്ലെങ്കിൽ മറ്റ് അധികാരസ്ഥാനത്തോ സമർപ്പിക്കുവാനോ നൽകുവാനോ പാടില്ലാത്തതും, ഒരു ദുരിതബാധിത പ്രദേശമായി ഒരു ജില്ലയേയോ അതിന്റെ ഭാഗത്തേയോ പ്രഖ്യാപിച്ച തീയതിക്ക് മുമ്പായി അങ്ങനെയുള്ള ഒരു മത്സ്യത്തൊഴിലാളിക്കെതിരായി ആരംഭിച്ചിട്ടുള്ളതോ എടുത്തിട്ടുള്ളതോ ആ തീയതിയിൽ നിലവിലുള്ളതോ ആയ അങ്ങനെയുള്ള വ്യവഹാരങ്ങളും അപേക്ഷകളും അപ്പീലുകളും ഹർജികളും കമ്മീഷൻ അതിനായി ശുപാർശ ചെയ്യുന്ന അങ്ങനെയുള്ള കാലാവധി വരെ നിർത്തിവയ്ക്കേണ്ടതുമാണ്.

13. കടം ഗഡുക്കളായി വീട്ടൽ.—(1)ഏതെങ്കിലും നിയമത്തിലോ കരാറിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ ഏതെങ്കിലും ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ദുരിതബാധിത പ്രദേശത്തെ ഒരു മത്സ്യത്തൊഴിലാളി തന്റെ കടം കമ്മീഷൻ നിർദ്ദേശിക്കുന്ന രീതിയിൽ ഓരോ തിരിച്ചടവ് സമയത്തും ബാക്കി നിൽക്കുന്ന മുതൽ തുകയോടൊപ്പം കമ്മീഷൻ ശുപാർശ ചെയ്ത ന്യായനിരക്കിലുള്ള പലിശ സഹിതം അനുയോജ്യമായ ഗഡുക്കളായി അടച്ചു തീർക്കാവുന്നതും കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം ആയതു അടച്ചുതീർക്കുമ്പോൾ മുഴുവൻ കടവും വീട്ടിയതായി കരുതപ്പെടേണ്ടതുമാണ്.

(2) കമ്മീഷൻ നിർദ്ദേശിക്കുന്ന പ്രകാരം നിശ്ചിത തീയതിയിൽ കടത്തിന്റെ ഏതെങ്കിലും ഗഡു നൽകാത്തിടത്ത് കമ്മീഷൻ നിശ്ചയിച്ചേക്കാവുന്ന രീതിയിൽ അത് വസൂലാക്കുന്നതിന് ഉത്തമർണ്ണന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

എന്നാൽ, ഈ വകുപ്പ് പ്രകാരം കമ്മീഷൻ തീരുമാനമെടുക്കുന്നതിനു മുമ്പായി മത്സ്യത്തൊഴിലാളിക്ക് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകേണ്ടതാണ്.

14. വാർഷിക റിപ്പോർട്ട് നിയമസഭയുടെ മുമ്പാകെ വയ്ക്കണമെന്ന്.—(1) കമ്മീഷൻ ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ആ വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതും അത് നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള തീയതിക്കോ അതിനു മുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുള്ള വാർഷിക റിപ്പോർട്ട് സർക്കാരിന് ലഭിച്ചാലുടൻതന്നെ എത്രയും വേഗത്തിൽ നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

15. കണക്കുകളും ആഡിറ്റും.—(1) കമ്മീഷൻ ശരിയായ കണക്കുകളും മറ്റു പ്രസക്തമായ രേഖകളും സൂക്ഷിച്ചുപോരേണ്ടതും കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ തയ്യാറാക്കേണ്ടതുമാണ്.

(2) കമ്മീഷന്റെ കണക്കുകൾ വർഷംതോറും ആഡിറ്റ് ചെയ്യേണ്ടതും ആഡിറ്റ് റിപ്പോർട്ട് നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

16. ആക്റ്റിന്റെ അധിപ്രഭാവം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിനോ ഉത്തരവിനോ അവയ്ക്ക് വിരുദ്ധമായി ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും നിയമത്തിലോ ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും നിയമത്താൽ പ്രഭാവമുള്ള ഏതെങ്കിലും രേഖയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രഭാവമുണ്ടായിരിക്കുന്നതാണ്.

17. കമ്മീഷനിലെ അംഗങ്ങൾ പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.—3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട കമ്മീഷനിലെ ഓരോ അംഗവും (5)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെടുന്ന സെക്രട്ടറിയും മറ്റു ജീവനക്കാരും 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമം (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കണക്കാക്കപ്പെടുന്നതാണ്.

18. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് കമ്മീഷനിലെ ഏതെങ്കിലും അംഗങ്ങൾക്കോ സെക്രട്ടറിക്കോ മറ്റ് ഉദ്യോഗസ്ഥർക്കോ എതിരായി യാതൊരു വ്യവഹാരമോ നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

19. സിവിൽ കോടതിയുടെ ആധികാരികതയ്ക്ക് വിലക്ക്.—ഈ ആക്റ്റോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ വഴിയോ അതുപ്രകാരമോ കമ്മീഷനോ സർക്കാരോ ഒത്തുതീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ ചെയ്യേണ്ടതോ നിർണ്ണയിക്കപ്പെടേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം ഒത്തുതീർപ്പാക്കുന്നതിനോ തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും കാര്യം നിർണ്ണയിക്കുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരമുണ്ടായിരിക്കുന്നതല്ല:

എന്നാൽ, ഈ വകുപ്പിലുള്ള യാതൊന്നുംതന്നെ 5-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരമുള്ള വിധി നടത്തൽ നടപടികൾക്ക്, ബാധകമാകുന്നതല്ല.

20. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന് സന്ദർഭം ആവശ്യപ്പെടുന്നവിധം ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് തോന്നുന്നതുമായ ഏത് കാര്യവും ഉത്തരവുമൂലം ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും നൽകുവാൻ പാടില്ലാത്തതാണ്.

(2) ഈ വകുപ്പിൻ കീഴിൽ ഉണ്ടാക്കിയ ഓരോ ഉത്തരവും നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

21. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം മുഖേന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും അതുണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

കടലിലും ഉൾനാടൻ ജലാശയങ്ങളിലും മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഏറിയ പങ്കും ഇന്ന് വലിയ കടബാദ്ധ്യതയിലകപ്പെട്ടിരിക്കുകയാണ്.

2. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനായി വിവിധ ഏജൻസികളിൽ നിന്നും ബാങ്കുകളിൽ നിന്നും വ്യക്തികളിൽ നിന്നും മറ്റും വർദ്ധിച്ച തോതിൽ കടം വാങ്ങുകയും ഉൽപ്പാദനമാന്ദ്യവും വിലയിടിവും, തൊഴിൽരാഹിത്യവുംമൂലം കടം വീട്ടാനാകാത്ത സ്ഥിതിവിശേഷം വർഷങ്ങളായി നിലനിൽക്കുകയും കടബാദ്ധ്യത വർദ്ധിച്ചുവരികയും ചെയ്തിരിക്കുന്നു.

3. അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ, കടലാക്രമണം, കാലാവസ്ഥ വ്യതിയാനങ്ങൾ എന്നിവമൂലം മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന തൊഴിൽ നഷ്ടം, മത്സ്യബന്ധനോപകരണങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ മുതലായവമൂലം കൂടുതൽ കടബാദ്ധ്യത ഉണ്ടായിക്കൊണ്ടിരിക്കുന്നു.

4. വർഷങ്ങളായി വാങ്ങിയ കടം പലിശ സഹിതം തിരച്ചടക്കാനാവാത്തവിധം വർദ്ധിച്ച് കടക്കെണിയിലകപ്പെട്ടിരിക്കുന്നു.

5. പ്രകൃതിക്ഷോഭത്താൽ മത്സ്യബന്ധന യാനങ്ങൾക്കുണ്ടാവുന്ന നഷ്ടത്തിനാൽ മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യത പ്രശ്നം ഗുരുതരമായ വ്യാപ്തിയിൽ വളർന്നിരിക്കുകയാണ്. ധനവാണിഭരംഗത്തെ ഞെരുക്കവും സ്വകാര്യ പണംകൊടുപ്പുകാർ ചുമത്തുന്ന അമിതമായ പലിശ നിരക്കും അവരുടെ അന്യായ പ്രവർത്തികളും ഇവയിൽ ചില കാരണങ്ങളാണ്. ഇത്തരത്തിൽ മത്സ്യത്തൊഴിലാളികൾ ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ അവർക്ക് മതിയായ ആശ്വാസം നൽകേണ്ടത് അത്യാവശ്യമാണെന്ന് സംസ്ഥാന സർക്കാർ കരുതുന്നു.

6. ആയതിനാൽ വായ്പ ഒറ്റത്തവണ തീർപ്പാക്കുന്നതിനും കേരള സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ആവലാതികൾ അന്വേഷിക്കുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികമായതുമായ

സംഗതികൾക്കും, പലിശ നിരക്കിൽ ഇളവോ, ഒഴിവാക്കലോ, തിരിച്ചടവിന് സാവകാശം പ്രഖ്യാപിക്കുന്നതിനോ, ആവശ്യമുള്ളപക്ഷം, മുതൽ തുക എഴുതിത്തള്ളുന്നതിനോ ജുഡീഷ്യൽ സ്വഭാവമുള്ളതും വിപുലമായ അധികാരത്തോടുകൂടിയതുമായ ഒരു കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ രൂപവൽക്കരിക്കുവാനും അപ്രകാരം സംസ്ഥാനത്തെ കടബാദ്ധ്യതയിൽപ്പെട്ടിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നത് സുഗമമാക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു.

7. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ രൂപവൽക്കരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. 4-ാം ഖണ്ഡ പ്രകാരം അതിന്റെ ചെയർപേഴ്സണും അംഗങ്ങൾക്കും ശമ്പളവും യാത്രാബത്തയും സിറ്റിംഗ് ഫീസും ഓഫീസ് ചെലവുകളും ആവശ്യമായി വരുന്നതാണ്. ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്യുമ്പോൾ കമ്മീഷന് കാര്യക്ഷമമായി പ്രവർത്തിക്കുവാനാവശ്യമായേക്കാവുന്ന വിവിധയിനം ചെലവുകൾ വഹിക്കുന്നതിന് ആവശ്യമായ ഫണ്ട് സർക്കാർ നൽകേണ്ടതായിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് ആഫീസ് സൗകര്യങ്ങളും സ്റ്റാഫും ഉണ്ടാവേണ്ടതുണ്ട്. ഒരു സെക്രട്ടറിയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മീഷന്റെ ആഫീസിൽ ആവർത്തകവും അനാവർത്തകവുമായ ചെലവുകൾ പ്രതീക്ഷിക്കുന്നു. ആഫീസ് സജ്ജീകരിക്കുക, ആഫീസിനാവശ്യമായ മറ്റ് ചെലവുകൾ വഹിക്കുക, വിവിധ സ്ഥലങ്ങളിൽ താൽക്കാലിക ആഫീസുകൾ പ്രവർത്തിപ്പിച്ചുകൊണ്ട് സിറ്റിംഗുകൾ സംഘടിപ്പിക്കുക, കമ്മീഷൻ സ്റ്റാഫ് അംഗങ്ങൾക്ക് യാത്രയ്ക്കാവശ്യമായ വാഹന സൗകര്യങ്ങൾ തുടങ്ങിയ ചെലവുകൾ വഹിക്കുന്നതിനും കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളവും സിറ്റിംഗ് ഫീ ഇനങ്ങളിലുണ്ടാവുന്ന ചെലവുകൾ വഹിക്കുന്നതിനും ആവർത്തക ചെലവുകൾ പ്രതീക്ഷിക്കുന്നുണ്ട്. മൊത്തം പ്രതീക്ഷിത ചെലവ് വാർഷികാടിസ്ഥാനത്തിൽ ശരാശരി 20 ലക്ഷം രൂപയായി കണക്കാക്കപ്പെടുന്നു. കമ്മീഷന്റെ കാലാവധി 3 വർഷമാകയാൽ ഒന്നാം വർഷം 30 ലക്ഷം രൂപയും രണ്ടും മൂന്നും വർഷങ്ങളിൽ യഥാക്രമം 15 ലക്ഷം രൂപയും വീതമാണ് കണക്കാക്കപ്പെടുന്നത്. ആവർത്തകവും അനാവർത്തകവുമായ സ്വഭാവത്തിലുള്ള പ്രതീക്ഷിക്കുന്ന ഏറ്റവും കുറഞ്ഞ ചെലവ് താഴെപ്പറയും പ്രകാരമാണ് :

| | | |
|---|---|---|
| ആവർത്തക ചെലവ് | .. | 40,00,000 രൂപ |
| അനാവർത്തക ചെലവ് | .. | 20,00,000 രൂപ |
| ആകെ | .. | 60,00,000 രൂപ |

2. ബില്ലിലെ 5-ാം ഖണ്ഡം മത്സ്യത്തൊഴിലാളികൾക്കും ഉത്തമർണ്ണൻമാർക്കും ബാധകമായതും കടം ഉപേക്ഷിക്കുന്നതിനും പലിശ ഇളവു ചെയ്യുന്നതിനും കടം ഭാഗികമായോ പൂർണ്ണമായോ ഏറ്റെടുക്കുവാനും കടബാദ്ധ്യതയുടെ അനന്തരഫലങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികളെ വിമുക്തമാക്കുന്നതിനും സർക്കാരിനോട് ശുപാർശ ചെയ്തുകൊണ്ട് അവാർഡുകൾ പാസ്സാക്കാനുള്ള കമ്മീഷന്റെ അധികാരങ്ങൾ വ്യവസ്ഥ ചെയ്യുന്നു.

3. ശമ്പളമായി സർക്കാർ നിശ്ചയിച്ചേക്കാവുന്ന തുകയുടെ കമ്മീഷൻ വിളിച്ചു ചേർക്കുന്ന യോഗങ്ങളുടെ എണ്ണത്തിന്റെയും സ്ഥലത്തിന്റെയും കമ്മീഷൻ തീർപ്പാക്കുന്ന കേസുകളുടെ മറ്റും അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ഇനങ്ങൾ പ്രകാരം ചെലവ് ചെയ്യപ്പെടേണ്ടതായ തുകയ്ക്ക് ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാവുന്നതാണ്. ഓരോ വർഷവും ഉണ്ടാകാവുന്നതും ബഡ്ജറ്റ് വിഹിതമായി സർക്കാർ അനുവദിക്കേണ്ടതുമായ യഥാർത്ഥ തുക ഒരു വിധത്തിലും ഇപ്പോൾ കൃത്യമായി കണക്കാക്കുവാൻ കഴിയുന്നില്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ബില്ലിലെ 2-ാം ഖണ്ഡം (iv)-ാം ഉപഖണ്ഡം ഉത്തമർണ്ണന്റെ നിർവ്വചനത്തിൽപ്പെടുന്ന മറ്റേതെങ്കിലും ഉത്തമർണ്ണനെ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 2-ാം ഖണ്ഡം (v)-ാം ഉപഖണ്ഡം കടം നിർണ്ണയിക്കുന്നതിൽ ഉൾപ്പെടുത്തേണ്ടതില്ലാത്ത മറ്റ് സ്ഥാപനങ്ങൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 2-ാം ഖണ്ഡം (ix)-ാം ഉപഖണ്ഡം മത്സ്യത്തിന്റെ നിർവ്വചനത്തിൽപ്പെടുന്ന മറ്റേതെങ്കിലും ജൈവ അജൈവ ജലവിഭവങ്ങളും ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ഗസറ്റ് വിജ്ഞാപനം വഴി കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ എന്ന പേരിൽ ഒരു കമ്മീഷൻ രൂപവൽക്കരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. ബില്ലിലെ 3-ാം ഖണ്ഡം (5)-ാം ഉപഖണ്ഡം കമ്മീഷനെ സഹായിക്കുന്നതിനായി ഓഫീസ് സ്ഥാപിക്കുന്നതിനും ഒരു സെക്രട്ടറിയെയും ആവശ്യമായേക്കാവുന്ന മറ്റു ജീവനക്കാരെ നിയമിക്കുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. ബില്ലിലെ 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിലെ ക്ലിപ്തനിബന്ധനയിൽ കമ്മീഷന്റെ കലാവധി സർക്കാരിന് ആവശ്യമെന്ന് തോന്നുന്നപക്ഷം മൂന്ന് വർഷത്തിൽനിന്നും ദീർഘിപ്പിക്കുന്നതിന് അധികാരപ്പെടുത്തുന്നു.

7. ബില്ലിലെ 4-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം കമ്മീഷനിലെ ഏതെങ്കിലും അംഗം നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ, ശാരീരികമോ മാനസികമോ ആയ അവശതമൂലം ജോലിയിൽ തുടരുന്നതിന് അയോഗ്യനായി തീരുകയോ, സ്ഥിരബുദ്ധി ഇല്ലാതായിത്തീരുകയും ആധികാരികതയുള്ള ഒരു കോടതിയാൽ അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ, അസാന്മാർഗ്ഗിക പ്രവർത്തനം ഉൾപ്പെടുന്നതായി സർക്കാർ കരുതുന്ന ഒരു കുറ്റത്തിനോ സാമ്പത്തിക ക്രമക്കേടുകൾക്കോ ശിക്ഷിക്കപ്പെടുകയോ, തത്സ്ഥാനത്ത് തുടരുന്നത് പൊതുതാല്പര്യത്തിന് ഹാനികരമാകത്തക്കവിധം ഔദ്യോഗികസ്ഥാനം ദുരുപയോഗപ്പെടുത്തിയതായി ബോദ്ധ്യമാവുകയും ചെയ്താൽ ആ അംഗത്തെ നീക്കം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

8. ബില്ലിലെ 4-ാം ഖണ്ഡം (6)-ാം ഉപഖണ്ഡം, ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റു സേവന വ്യവസ്ഥകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. ബില്ലിലെ 5-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിലെ (എ)യിൽ ഏതെങ്കിലും ജില്ലയോ ജില്ലകളിലോ അതിന്റെ ഏതെങ്കിലും ഭാഗത്തേയോ, ദുരിതബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതിന് പൊതുമാനദണ്ഡങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

10. ബില്ലിലെ 5-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ഇനം (എച്ച്), മത്സ്യത്തൊഴിലാളിക്ക് കടാശ്വാസങ്ങൾ നിറവേറ്റുന്നതിന് ഏജൻസികളെ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

11. ബില്ലിലെ 5-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ഇനം (ജെ), കമ്മീഷൻ വിനിയോഗിക്കേണ്ടതായ മറ്റ് അധികാരവും നിർവ്വഹിക്കേണ്ടതായ മറ്റു ചുമതലകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

12. ബില്ലിലെ 5-ാം ഖണ്ഡം (6)-ാം ഉപഖണ്ഡം ഇനം (ജി), 1908-ലെ സിവിൽ നടപടി സംഹിതത്തിൻ കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ഉപയോഗിക്കുന്നതിന് ഇനം (എ) മുതൽ (എഫ്) വരെയുള്ള കാര്യങ്ങൾക്ക് പുറമേ മറ്റേതെങ്കിലും കാര്യങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

13. ബില്ലിലെ 6-ാം ഖണ്ഡം കമ്മീഷന്റെ ശുപാർശ ലഭിച്ചാൽ ബന്ധപ്പെട്ട ജില്ലകളെയോ അതിന്റെ ഏതെങ്കിലും ഭാഗത്തെയോ ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

14. ബില്ലിലെ 7-ാം ഖണ്ഡം കടാശ്വാസത്തിനായി കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ട അപേക്ഷയുടെ ഫാറവും രീതിയും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

15. ബില്ലിലെ 14-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിൽ വാർഷിക പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കേണ്ട ഫാറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

16. ബില്ലിലെ 15-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കണക്കുകളുടെ വാർഷിക സ്റ്റേറ്റുമെന്റും പ്രസക്ത രേഖകളും കണക്കുകളും സൂക്ഷിക്കുന്നതിനുള്ള ഫാറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

17. ബില്ലിലെ 20-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ഒരു ഉത്തരവിലൂടെ ഈ ആക്ടിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള ഏതെങ്കിലും വൈഷമ്യം നീക്കം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

18. ബില്ലിലെ 21-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ഈ ആക്റ്റിന്റെ ഉദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

19. ഏതെല്ലാം കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതും അല്ലെങ്കിൽ ഉത്തരവുകൾ നൽകാവുന്നതും അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും അല്ലെങ്കിൽ സാധാരണവും അല്ലെങ്കിൽ ഭരണപരവുമായ സ്വാഭാവത്തോടുകൂടിയതാകുന്നു. കൂടാതെ ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാധികാരം ഒരു സാധാരണസ്വാഭാവത്തോടുകൂടിയതാണ്.

എസ്. ശർമ്മ